നാട്ടുകാരും യാത്രക്കാരും വളരെയധികം ബുദ്ധിമുട്ടുന്നു. അതുകൊണ്ടു എനിക്കു ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഒരു അഭ്യർത്ഥനയുള്ളത്, ഇതിന്റെ പണി എത്രയും വേഗം ഒന്ന് നടത്തണം. നാട്ടുകാരുടെയും യാത്രക്കാരുടെയും ബുദ്ധിമുട്ട് ഒഴിവാക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. അതുകൊണ്ട് ഗവൺമെന്റ് ഇത് പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : സർ, പുനലൂർ മൂവാറ്റുപുഴ റോഡിൽ 105 കിലോമീറ്ററിൽ സ്ഥിതി ചെയ്യുന്ന പാലാ പാലം വീതി കുറഞ്ഞ ഒന്നാണ്. ഗവൺമെന്റിൽ നിന്നും 16-3-1998-ൽ 1.58 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. 25 മീറ്റർ നീളത്തിൽ രണ്ടു മിഡിൽ സ്പാനും 25 മീറ്റർ നീളത്തിൽ പുനലൂർ ഭാഗത്തേക്കും 21 മീറ്റർ നീളത്തിൽ പാലാ ഭാഗത്തേക്കും വരത്തക്കവിധം 2 ലാന്റ് സ്പാനും ഉൾക്കൊള്ളിച്ച് പുതിയ ഡിസൈനിലാണ് പ്രസ്തുത പാലം വീതി കൂട്ടി പണിയാൻ തീരുമാനിച്ചിട്ടുള്ളത്. ഈ പണിക്ക് 14-1-2000-ൽ 1.77 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും കൊടുത്തു. ഈ പാലം പണിയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ അത്യാവശ്യം കണക്കിലെടുത്ത് പ്രസ്തുത പണിക്കായി പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും, അഞ്ചു കരാറുകാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ഡബിൾ കവർ സിസ്റ്റം പ്രകാരം ലഭിക്കുകയും ചെയ്തു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ തീർപ്പാക്കുന്ന മുറയ്ക്ക് പ്രസ്തുത പണി തുടങ്ങാൻ കഴിയും. ഏതായാലും ഈ ഗവൺമെന്റാണ് ഇതിന് നടപടി സ്വീകരിച്ചത് എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

(7) . മാവേലിക്കര-പെരുമ്പുഴ പാലത്തിന്റെ നിർമ്മാണം

ശ്രീ. എം. മുരളി : സർ, മദ്ധ്യ തിരുവിതാംകൂറിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലാണ് മാവേലിക്കരയിലെ വലിയ പെരുമ്പുഴ പാലം. നാല് കോടി രൂപ എസ്റ്റിമേറ്റുള്ള പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പക്ഷെ പാലത്തിന്റെ പണി ഇന്നൊരു സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയാണ്. അതിന് കാരണം നബാർഡിന്റെ പണം കിട്ടണമെങ്കിൽ പാലത്തിന്റെ പണി പുരോഗിക്കുന്നതിനുസരിച്ച് സംസ്ഥാന ഖജനാവിൽ നിന്ന് പേമെന്റ് നടക്കണം. ഇപ്പോൾ ഒരു കോടി ഇരുപത്തഞ്ച് ലക്ഷം രൂപയുടെ ബില്ലുകൾ നമ്മുടെ പൊതുമാരമത്ത് വകുപ്പിൽ പെന്റിംഗായിട്ട് കിടക്കുകയാണ്. ഇത്രയും പണി പുരോഗമിച്ചു എങ്കിലും ഒന്നേകാൽ കോടി രൂപയുടെ ബിൽ പേമെന്റ് നടത്താത്തതിനാൽ പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലേക്ക് പോകുന്നു. നബാർഡിന്റെ ധനസഹായം കിട്ടാൻ തീരുമാനമായി എങ്കിലും അത് ലഭിക്കാതെ പോകുന്ന സാഹചര്യം വരികയാണ്. അതുകൊണ്ട് ഈ ബില്ലുകൾ അടിയന്തിരമായി പേമെന്റ് നടത്താനും, പാലത്തിന്റെ പണി പൂർത്തികരിക്കുവാൻ വേണ്ടിയുള്ള മതിയായ തുക വരുന്ന വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുമുള്ള നടപടി അങ്ങ് സ്വീകരിക്കണം. അതോടൊപ്പം ഒരു കാര്യം കൂടി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തുകയാണ്. വലിയ പെരുമ്പുഴ പാലത്തിന്റെ ഒരു വെൽ ചരിഞ്ഞു പോയി. ടിൽറ്റ് ഉണ്ടായി. ആ ചരിഞ്ഞു പോയ വെല്ലിന്റെയും, ഇനിയും പണി ആരംഭിക്കാനിരിക്കുന്ന രണ്ട് വെല്ലുകളുടെയും പുതിയ ഡിസൈൻ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈനുകൾക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ഈ ഡിസൈനുകൾക്കു അനുമതി ലഭിക്കുന്ന കാര്യവും അടിയന്തിരമായി അങ്ങ് പരിഗണിക്കണം. എനിക്ക് ഒരു നിർദ്ദേശമുള്ളത് അങ്ങ് ബന്ധപ്പെട്ടവരുടെ ഒരു യോഗം ഈ ആഴ്ച തന്നെ വിളിച്ചു കൂട്ടി ഈ മൂന്നു വെല്ലുകളുടെ ഡിസൈന് അപ്രൂവൽ നൽകുന്ന കാര്യത്തിനും, നബാർഡിന്റെ ധനസഹായം ലഭ്യമാകാതെ പോകുന്ന സാഹചര്യം ഒഴിവാക്കാൻ, മതിയായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട്, ഒന്നേകാൽ കോടി രൂപയുടെ പെന്റിംഗ് ബിൽ കൊടുത്ത് തീർത്തുകൊണ്ട് പാലത്തിന്റെ പണിയിൽ ഇന്ന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ പാലത്തിന്റെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. മുടങ്ങിക്കിടന്ന പാലത്തിന്റെ പണി ഈ ഗവൺമെന്റാണ് ആരംഭിച്ചത്. 336 ലക്ഷം രൂപയാണ് അതിന്റെ എസ്റ്റിമേറ്റ്. 263 ലക്ഷം രൂപ നബാർഡ് ലോണായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ കൊല്ലം 120 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി 6-1-2000-ൽ ഗവൺമെന്റിലേക്ക് അതിന്റെ ശുപാർശ കിട്ടിയിട്ടുണ്ട്. നബാർഡിൽ നിന്നും ആ തുക ഏറെ താമസിയാതെ കൊടുക്കും. വെല്ലുകളുടെ കാര്യത്തിൽ അതിന്റെ ഡിസൈൻ ഇപ്പോൾ ഏറ്റവും വേഗം പുതുക്കി നിശ്ചയിച്ച് അംഗീകാരം കൊടുക്കുന്നതാണ്. പാലം പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(8) വർക്കല ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എ. അലി ഹസ്സൻ : സർ,വർക്കലയിലെ പഴക്കമേറിയ സർക്കാർ ആശുപത്രിയുടെ പരാധീനതകൾക്ക് ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷൻ കൂടി അവതരിപ്പിക്കുന്നത്. മൂന്നര ഏക്കറോളം വിസ്തൃതിയുള്ള കാമ്പൗണ്ടിൽ ഏകദേശം 80 വർഷത്തിനു മുൻപ് നിർമ്മിച്ചിട്ടുള്ള ആശുപത്രിയാണ് വർക്കല സർക്കാർ ആശുപത്രി. ഈ ഗവൺമെന്റ് ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ദിനം പ്രതി 400-നും 500-നും ഇടയ്ക്ക് രോഗികൾ ഒ.പി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നുണ്ട്. അടിയന്തിരമായി സർക്കാരിന്റെയും, ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധ താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്. ഒ.പി. രജിസ്ട്രേഷൻ ദിനംപ്രതി കൂടി വരുന്നതിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം കൂട്ടുക. ഐ.പി വിഭാഗത്തിൽ 64 കിടക്കകളാണ് ഇപ്പോഴുള്ളത് അവയുടെ എണ്ണം വർദ്ധിപ്പിക്കണം. പ്രസവ കേസ് ധാരാളമുള്ളതിനാൽ ലേഡി ഡോക്ടർമാരുടെ പോസ്റ്റിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം. ഒരു പോസ്റ്റ്മോർട്ടം യൂണിറ്റ് (പി.പി.യു) തുടങ്ങാൻ അനുവാദം ഉണ്ടാകണം. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഓപ്പറേഷൻ തീയറ്റർ ഉണ്ടാകണം. ഒരു എക്സ്റേ യൂണിറ്റ് അനുവദിക്കണം. വളരെ പഴക്കമുള്ള മോർച്ചറി പുതുക്കിപ്പണിത് രണ്ട് ശവശരീരങ്ങൾ എങ്കിലും ശീതീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly